കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങളിലെ പദങ്ങൾക്ക് നിർവചനം/വിശദീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2523/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 28.09.2018.**

പരാമർശം: 1) സ.ഉ.(പി) നം.3/2017/ ഉ.ഭ.പ.വ , തീയതി, 25/02/2017.
2) ഗ്രാമവികസന കമ്മീഷണറുടെ 20.03.2018-ലെ 443/എസ്റ്റാ.ബി3/2017/സി.ആർ.ഡി.നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതു മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 10(iv)-ൽ പറഞ്ഞിരിക്കുന്ന പദങ്ങൾക്ക് (മലയോര സ്റ്റേഷൻ/ വിദൂര സ്റ്റേഷൻ/ദുഷ്കരമായ പ്രകൃതത്തിലുള്ള ജോലി എന്നിങ്ങനെയുള്ള പദങ്ങൾ) ഗ്രാമവികസന വകുപ്പിനെ സംബന്ധിച്ച് ചുവടെ പറയും പ്രകാരം വിശദീകരണം/ നിർവചനം നൽകി ഉത്തരവാകുന്നു.

മലയോര സ്റ്റേഷൻ: വയനാട് ജില്ല മുഴുവനും ഇടുക്കി ജില്ലയിൽ തൊടുപുഴ ബ്ലോക്ക് ഒഴികെയുള്ള പ്രദേശങ്ങളും മലയോര സ്റ്റേഷനായി പരിഗണിക്കാവുന്നതാണ്.

വിദൂര സ്റ്റേഷൻ: വിദൂരസ്ഥല സേവനമെന്നത് ജീവനക്കാരന്റെ സ്വന്തം ജില്ലയിൽ നിന്നും. ഗ്രാമവികസന കമ്മീഷണർ നിശ്ചയിക്കുന്ന നിശ്ചിത ദൂരപരിധിയ്ക്ക് ശേഷമുള്ള സ്ഥലമെന്ന് കണക്കാക്കാവുന്നതാണ്.

ദുഷ്കരമായ പ്രകൃതത്തിലുള്ള ജോലി: നിലവിൽ ഗ്രാമവികസന വകുപ്പിൽ ദുഷ്കരമായ പ്രകൃതത്തിലുള്ള ജോലികൾ ഇല്ലാത്തതിനാൽ അട്ടപ്പാടി, ദേവികുളം, നിലമ്പൂർ, വയനാട് എന്നിവിടങ്ങളിലെ ഓഫീസുകൾ ദുർഘട പ്രദേശങ്ങളായി കണക്കാക്കി മുൻഗണന നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.14) വകുപ്പ്. [നം.AR14-1/118/2017-P&ARD]
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ